**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4232** **28-06-2024 - ൽ മറുപടിയ്ക്ക്**

**ചാലാട് ശ്രീ ധർമ്മശാസ്താ ക്ഷേത്ര മൈതാനത്ത് റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ധനകാര്യ വകുപ്പിന്റെ (ബജറ്റ്-കെ) 7438/2023 ഉത്തരവ് പ്രകാരം 2023-24 ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ചാലാട് ശ്രീ ധർമ്മശാസ്താ ക്ഷേത്ര മൈതാനത്ത് റോഡ് നിർമ്മിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് എടുക്കുന്നതിന് കണ്ണൂർ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിരുന്നോ; ആയതിന്റെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; അറിയിക്കാമോ; | (എ) | കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിൽ 16.05.2024 ൽ അപേക്ഷ ലഭിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ റോഡിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള പരിശോധന തുടർന്ന് വരുന്നു. പള്ളിക്കുന്ന് സോണൽ ഓഫീസിലെ ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ ടി സ്ഥലം പരിശോധിക്കുകയും ചാലാട് ക്ഷേത്രവും ക്ഷേത്രമൈതാനവും ദേവസ്വത്തിന്റെ അധീനതയിലുള്ള സ്ഥലമായതിനാൽ കോർപ്പറേഷന് സ്ഥലം വിട്ടു നൽകുന്നത് സംബന്ധിച്ചും, റോഡിന്റെ അലൈൻമെന്റ് ഓവുചാൽ ഉൾകൊള്ളിക്കുന്നതും സംബന്ധിച്ചും 19.06.2024 തീയതിയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൗൺസിലർ, ക്ഷേത്ര കമ്മിറ്റി ഭാരവാഹികൾ എന്നിവരുമായി ചർച്ച നടത്തിയിട്ടുണ്ട്. കോർപ്പറേഷന് റോഡിനു വേണ്ടി സ്ഥലം വിട്ടു നൽകുന്നതിനായി രേഖകൾ ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത എസ്റ്റിമേറ്റ് എടുക്കുന്നതിന് തടസ്സങ്ങളുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിൽ 16.05.2024 ൽ അപേക്ഷ ലഭിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ റോഡിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള പരിശോധന തുടർന്ന് വരുന്നു. പള്ളിക്കുന്ന് സോണൽ ഓഫീസിലെ ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ ടി സ്ഥലം പരിശോധിക്കുകയും ചാലാട് ക്ഷേത്രവും ക്ഷേത്രമൈതാനവും ദേവസ്വത്തിന്റെ അധീനതയിലുള്ള സ്ഥലമായതിനാൽ കോർപ്പറേഷന് സ്ഥലം വിട്ടു നൽകുന്നത് സംബന്ധിച്ചും, റോഡിന്റെ അലൈൻമെന്റ് ഓവുചാൽ ഉൾകൊള്ളിക്കുന്നതും സംബന്ധിച്ചും 19.06.2024 തീയതിയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൗൺസിലർ, ക്ഷേത്ര കമ്മിറ്റി ഭാരവാഹികൾ എന്നിവരുമായി ചർച്ച നടത്തിയിട്ടുണ്ട്. കോർപ്പറേഷന് റോഡിനു വേണ്ടി സ്ഥലം വിട്ടു |

| | | | |
|---|---|---|---|
| | | | നൽകുന്നതിനായി രേഖകൾ ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനായി ഭൂമിയുടെ ലെവൽ സർവ്വേയും, ഡി പി ആർ തയ്യാറാക്കുന്ന നടപടിയും കണ്ണൂർ കോർപ്പറേഷൻ മുഖേന സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ